**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1773** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്‌ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തുവാൻ ടെറാനസ് എന്ന സ്വകാര്യകമ്പനിയെ ചുമതലപ്പെടുത്തിയിരുന്നോയെന്നും ഇതിനെതിരെ പരാതികളുയർന്നപ്പോൾ സി.എം.ഡി. എന്ന മറ്റൊരു ഏജൻസിയെ ഏല്പിച്ചിരുന്നോയെന്നും അറിയിക്കാമോ; | (എ) | കിഫ്‌ബിയുടെ 27 ാമത് ബോർഡ് യോഗം പദ്ധതി അവലോകന പ്രവർത്തനങ്ങൾക്കും അനുബന്ധ വിഷയങ്ങൾക്കുമായി അതത് മേഖലയിൽ പ്രാവിണ്യമുള്ള ആളുകളെ നിയമിക്കുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു. വർദ്ധിച്ച വരുന്ന പദ്ധതികളുടെ ബാഹുല്യം കണക്കിലെടുത്തുകൊണ്ട് കിഫ്‌ബിയുടെ പദ്ധതി അവലോകന വിഭാഗത്തിന് പുറമെ പദ്ധതികളുടെ അപ്രൈസൽ നടത്തുനതിനായി ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തെ നിയോഗിക്കുന്നതു വരെ കിഫ്‌ബിയുടെ പ്രൊജക്റ്റ് അഡ്വൈസർ കൺസൽറ്റന്റിനായി ഷോർട്ട് ക്വട്ടേഷൻ വിളിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മാക്സിമസ് എഞ്ചിനീയറിംഗ് & ഡെവലപ്മെന്റ് സർവീസസ് എന്ന സ്ഥാപനവും, ടെറനസ്സ് കൺസൽറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവും ക്വാട്ട്ചെയ്യുകയും അവരിൽ നിന്നും എൽ1 ബിഡറായ ടെറനസ്സിനെ തിരഞ്ഞെടുക്കുകയുംചെയ്തു. ടെറനസ്സിന്റെ സേവനം മാർച്ച് 2017 മുതൽ ജൂലൈ 2017 വരെ ലഭ്യമാക്കിയിരുന്നു. |
| (ബി) | എങ്കിൽ സി.എം.ഡി ഗുണനിലവാര പരിശോധനയ്ക്കായി ടെറാനസ് കമ്പനിയെ തന്നെ ചുമതലപ്പെടുത്തിയോ; എങ്കിൽ ആയതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) | കിഫ്‌ബി പ്രവർത്തികളുടെ ഗുണനിലവാരം പരിശോധിക്കാൻ കിഫ്‌ബി ആക്റ്റ് പ്രകാരം സ്ഥാപിതമായ ഇൻസ്പെക്ഷൻ അതോറിറ്റി ഉണ്ട്. ഗുണനിലവാര പരിശോധനയ്ക്കായി വേറെ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ പി ഡബ്യു ഡി മാനുവലിൽ നിഷ്കർഷിച്ചിട്ടുള്ള ഇൻഡിപെൻഡന്റ് ക്വാളിറ്റി ഓഡിറ്റ് നടത്തുന്നതിനായി എസ് പി വി കൾക്കു വേണ്ടി കേന്ദ്ര പൊതുമേഖല സ്ഥാപനമായ RITES നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ